**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465** **15-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇലക്ട്രോണിക്സ് അനുബന്ധ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>വ്യവസായ വകുപ്പിന് കീഴിലുള്ള കിൻഫ്ര, കെൽട്രോൺ, അതിന്റെ സബ്സിഡിയറി കമ്പനികളായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്(കെ സി സി എൽ), കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് (കെ ഇ സി എൽ) എന്നിവയിലൂടെ കേരളത്തെ ഇലക്ട്രോണിക് അനുബന്ധ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുവാൻ താഴെപ്പറയും പ്രകാരം വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>1) **ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ**<br><br>കേരളത്തിന്റെ ഇലക്ട്രോണിക്സ് വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ കാക്കനാട് കിൻഫ്രയും മിനിസ്ട്രി ഓഫ് ഇലക്ട്രോണിക് ആന്റ് ഐ ടി, ഗവ. ഓഫ് ഇന്ത്യയും ചേർന്ന് 66 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ നിർമ്മിച്ചിട്ടുണ്ട്. മെഡിക്കൽ എക്വിപ്മെന്റ് നിർമ്മാണ യൂണിറ്റായ Agappe Diagonostics Ltd ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മറ്റ് 11 യൂണിറ്റുകൾ നിർമ്മാണ ഘട്ടത്തിലാണ്.<br><br>**2) ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റിംഗ് ഫെസിലിറ്റി**<br><br>ഈ പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം (ഫ്ലാഗ്ഷിപ്പ് പദ്ധതി) 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഡി പി ആർ, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷന്റെ പരിഗണ-നയിലാണ്. ഡിഫെൻസ് വ്യാവസായിക ആവശ്യങ്ങൾ-ക്കായുള്ള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ |

| | | | |
|---|---|---|---|
| | | | ഉണമേന്മ സാക്ഷ്യപ്പെടുത്തുന്ന NABL Accreditation Lab കേരളത്തിൽ ഇപ്പോൾ നിലവിലില്ല. ഇത് സ്ഥാപിക്കുന്നതിലൂടെ NABL Accreditation Lab ന്റെ അഭാവം പരിഹരിക്കുവാനാകുമെന്ന് പ്രതീ-ക്ഷിക്കുന്നു.<br><br>3) **<u>സൂപ്പർകപ്പാസിറ്റർ നിർമ്മാണം</u>**<br><br>ഐ എസ് ആർ ഒ യുടെ സഹകരണത്തോടെ കെ സി സി എല്ലിൽ സൂപ്പർകപ്പാസിറ്റർ പ്ലാന്റിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>4) **<u>മാസ്റ്റർ പ്ലാൻ പദ്ധതികൾ</u>**<br><br>സംസ്ഥാനത്ത് നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിംഗ് കമ്പനികൾക്ക് സഹായകമാകുന്ന വിധം പാസ്സീവ് ഇലക്ട്രോണിക്സ് കംപോണന്റ്സ് ആവശ്യമുള്ള സെറാമിക് ചിപ്പ് കപ്പാസിറ്ററുകൾ, സെറാമിക് ചിപ്പ് ഇൻഡക്ടേർസ്, സെറാമിക് ചിപ്പ് റെസിസ്റ്റേർസ് ഇവ രൂപീകരിക്കാൻ വേണ്ടിയുള്ള പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഇതുകൂടാതെ ഇലക്ട്രോണിക്സ് സെമി കണ്ടക്ടർ ഫാബ് & ഹൈടെക് പാർക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു സെമികണ്ടക്ടർ ഡിസൈൻ & ടെയിനിംഗ് എക്കോ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.<br><br>ഈ ഉദ്യമത്തിലൂടെ പുതിയ ഉല്പന്നങ്ങളുടെ ഡിസൈനിങ്ങിനും വികസനത്തിനുമായി തദ്ദേശീയമായ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും.<br><br>ഡിഫെൻസ് ഇലക്ട്രോണിക്സ്, സ്പേസ് ഇലക്ട്രോണിക്സ്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം ഇലക്ട്രോണിക്സ്, പവർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ കെൽട്രോൺ വളരെ മുമ്പ് തന്നെ ചുവടുറപ്പിക്കുകയും ഈ മേഖലകളിൽ ഐ എസ് ആർ ഒ പോലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ധാരാളം ഓർഡറുകൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>ഇ എം സി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി 20.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 12 യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ച് കഴിഞ്ഞു. 11 |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടത്തിലാണ്.<br><br>കേരള സർക്കാർ 2016-24 വർഷങ്ങളിൽ പ്ലാൻ ഫണ്ട് മുഖാന്തിരം കെൽട്രോണിന് നൽകിയ 29.5 കോടി രൂപ ഉപയോഗപ്പെടുത്തി കെൽട്രോൺ യൂണിറ്റുകളുടെ നവീകരണത്തിനും, ഡിഫെൻസ്, പവർ ഇലക്ട്രോണിക്സ്, സ്പേസ് ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി. ഇതോടൊപ്പം റിസർച്ച് ആന്റ് ഡെവലപ്മെന്റ് ശക്തിപ്പെടു-ത്തിയിട്ടുണ്ട്. ഡിഫെൻസ് ഓഫ്സെറ്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള എയർ ക്രാഫ്റ്റ് ഇലക്ട്രോണിക്സ് ഉൽപ്പാദനം, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് എന്നീ മേഖലകളിലേക്കുള്ള ചുവടുവയ്പ്പിന്റെ ആദ്യപടിയായി AS 9100 certification നേടുന്നതിനുള്ള പ്രവർത്തികൾ തുടങ്ങി. കൂടാതെ, കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബിന്റെ ഭാഗമാക്കാനുള്ള പദ്ധതിയുടെ ആദ്യ ചുവടുവയ്പ്പായി സോളാർ പവർ കൺട്രോൾ, 5 KVA / 10 KVA UPS എന്നിവയുടെ വ്യവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദന-ത്തിനുള്ള പ്രവർത്തികൾ നടന്നുവരുന്നു. സി ഡാക്കിന്റെ സാങ്കേതിക സഹായത്തോടുകൂടി Modular UPS System, Solar PCU’s എന്നിവ വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഇതുകൂടാതെ Li-ion Battery Assembly Unit / EV Vehicle Chargers എന്നിവ ഇതിന്റെ ഭാഗമായി പ്രാവർത്തിക-മാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ സി സി എല്ലിൽ സൂപ്പർകപ്പാസിറ്റർ നിർമ്മാണ-ത്തിനുള്ള പശ്ചാത്തലസൗകര്യം (ഒന്നാം ഘട്ടം) ഒരുക്കിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് കൂടുതൽ നിക്ഷേപം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ 2030 വരെയുള്ള കാലഘട്ടത്തിലേയ്ക്കുള്ള വികസനം ലക്ഷ്യമിട്ട് ഷോർട്ട് ടേം, മിഡ് ടേം, ലോങ് ടേം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്(കെ സി സി എൽ), കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് (കെ ഇ സി എൽ), കെൽട്രോൺ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലും മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ വിവിധ തരത്തിലുള്ള വികസന പ്രവർത്തനങ്ങളും തദ്വാരാ കൂടുതൽ നിക്ഷേപങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ